# തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം, 2011 ദ്വീപ് സംരക്ഷണ മേഖല വിജ്ഞാപനം 2011 എന്നിവ സംബന്ധിച്ച് നിരന്തരം ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ

## I. പൊതു വിഷയം

**1. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011ന്റെ ആവശ്യകത എന്ത്?**

1986ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം, പരിസ്ഥിതി വന മന്ത്രലയം 19.02.1991-ൽ തിരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തീരദേശ പരിസ്ഥിതി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള വളരെ വ്യക്തമായ നടപടിക്രമങ്ങൾ പ്രദാനം ചെയ്യുക എന്ന തായിരുന്നു ഇതിന്റെ ലക്ഷ്യം. എന്നാൽ 1991-ലെ വിജ്ഞാപനം നടപ്പിലാക്കിയ കഴിഞ്ഞ രണ്ട് ദശകത്തി നിടയിൽ താഴെപറയുന്ന പ്രശ്നങ്ങൾ ഉയർന്നു വരികയുണ്ടായി.

- 1991ലെ വിജ്ഞാപനത്തിൽ ഇന്ത്യയിലെ മൊത്തം തീരദേശത്തും അതായത് പ്രധാന കരയുടെ തീരമായ 5500 കിലോ മീറ്ററിലും, ലക്ഷദ്വീപ് ആന്റമാൻ നിക്കോബാർ ദ്വീപുകളുടെ തീരമായ 2000 കിലോമീറ്ററിലും ഒരുപോലത്തെ നിയന്ത്രണം ആണ് നിർദേശിച്ചിരുന്നത്. ഇന്ത്യയിലെ തീരദേശം ജൈവ വൈവിധ്യത യാലും, ജലസ്രോതകളുടെ ശക്തി, ജന സംഖ്യാ സ്ഥിതി, നൈസർഗീക സമ്പത്തുകൾ, ജീവജാലങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ എന്നിവയാലും വളരെയധികം വൈവിധ്യത നിറഞ്ഞതാണ് എന്നകാര്യം കണക്കിലെടുത്തില്ല എന്ന പോരായ്മ ഇതിനുണ്ടായി.
- 1991-ലെ വിജ്ഞാപനത്തിൽ തീരദേശ നിയന്ത്രണ മേഖല എന്ന അംഗീകാരം ലഭിക്കുന്നതിന് അനു വർത്തിക്കേണ്ട നടപടിക്രമങ്ങളും സമയ പരിധിയും ഒന്നും വ്യക്തമായിരുന്നില്ല. അംഗീകാരത്തിനായി നൽകേണ്ട അപേക്ഷയുടെ മാതൃകയും നൽകിയിരുന്നില്ല.
- അംഗീകാരം നൽകിയതിനുശേഷം പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനമോ, നിയമം അനുശാസിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളോ 1991ലെ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടില്ല.
- തീരദേശത്ത് 500 മീറ്റർ ദൂരത്തിലും തിരകൾ ഉള്ളിൽ കയറുന്ന മേഖലകളിലും വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കന്നതിന് 1991ലെ വിജ്ഞാപനം വ്യക്തമാക്കുന്നു. എന്നാൽ തീരദേശത്തുള്ള പ്രവർത്തനങ്ങൾ മൂല മുണ്ടാകുന്ന മാലിന്യ നിർമാർജനം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും ഈ വിജ്ഞാപനത്തിൽ നൽകിയിരുന്നില്ല.
- 1991-ലെ നിയന്ത്രണ സ്വഭാവം പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളിൽ കഴിയുന്ന വ്യക്തികൾക്കും/ സമൂഹത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. മുംബൈയിലെ ചേരി പ്രദേശങ്ങളിലും കേരളത്തിലെ ജലാശയങ്ങളുടെ മദ്ധ്യത്തിലുള്ള തുരുത്തുകളിലും, ഗോവയിലെ കടൽ തീരത്തും താമസിക്കുന്നവർക്ക് ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായി.

- വിവിധ സംസ്ഥാന സർക്കാറുകൾ, സർക്കാർ ഇതര സംഘടനകൾ, കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവയുടെ ആവശ്യ പ്രകാരം 1991-ലെ വിജ്ഞാപനത്തിൽ ഏകദേശം 25 തവണയോളം ഭേദഗതികൾ വരുത്തുകയുണ്ടായി. അതുപോലെ തന്നെ പല നിബന്ധനകളും കൂടുതൽ വ്യക്തമാക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം വീണ്ടും വീണ്ടും നിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതായി വന്നു. 1991ലെ വിജ്ഞാപനത്തിനുശേഷം നിർദ്ദേശിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ മാറ്റങ്ങളും 2011-ലെ വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
- മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാകാര്യങ്ങളും കണക്കിലെടുത്തും അവ പരിഹരിച്ചുകൊണ്ടും ആണ് 2011-ലെ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും നടത്തിയ ചർച്ചകളും കണ്ടെത്തലുകളും, തീരദേശ നിയന്ത്രണങ്ങൾ സംബന്ധിച്ച് ഡോ. സ്വാമിനാഥൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ''ഫൈനൽ ഫ്രോണ്ടിയർ'' എന്നെ റിപ്പോർട്ടിലെ ശുപാർശകളും ഇതിന് ആധാരമാക്കിയിരിക്കുന്നു. ഗോവ, ചെന്നൈ, പുരി, കൊച്ചി, മുംബൈ എന്നിവിടങ്ങളിൽ നടന്ന ചർച്ചകളിൽ കേന്ദ്ര സഹമന്ത്രി തന്നെ അദ്ധ്യക്ഷം വഹിക്കുകയുണ്ടായി.

**2. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011ന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ആണ്?**

തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011-ന്റെ ലക്ഷ്യങ്ങൾ ഇവയാണ്.

- തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾക്കും മറ്റ് പ്രാദേശിക സമൂഹത്തിനും സുരക്ഷിതമായ ജീവിത മാർഗം ഉറപ്പാക്കുക.
- തീരദേശം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- ശാസ്ത്രീയമായ തത്വങ്ങൾ അനുസരിച്ച് വികസന പ്രവർത്തനങ്ങൾ സുസ്ഥിരമായ നിലയിൽ പുരോഗമിപ്പിക്കുക. ആഗോളതാപനം മൂലം സമുദ്രനിരപ്പ് ഉയരുന്നതും തീരദേശങ്ങളിൽ പ്രകൃത്യാ ഉള്ള തടസ്സങ്ങളും അവയിൽനിന്നുള്ള അപകടങ്ങളും കണക്കിലെടുത്തുകൊണ്ട് വേണം ഇതു ചെയ്യാൻ.

# II. 2011ലെ വിജ്ഞാപനം അനുസരിച്ച് തീരദേശ നിയന്ത്രണ മേഖല എങ്ങനെ തിരിച്ചറിയുകയും തരം തിരിക്കുകയും ചെയ്യാം

**1. തീരദേശ മേഖലകൾ 2011ലെ വിജ്ഞാപന പ്രകാരം എങ്ങനെ തരം തിരിച്ചിരിക്കുന്നു?**

1991-ലെ വിജ്ഞാപനത്തിൽ തീരദേശ നിയന്ത്രണ മേഖലകൾ (Coastal Regulation Zone-CRZ) CRZ-1 (പരിസ്ഥിതി പരമായി പ്രധാന്യമുള്ള മേഖല) CRZ-2 (നിർമ്മിതികൾ ഉള്ള മേഖല) CRZ-3 (ഗ്രാമീണ മേഖല) CRZ-4 (ജല മേഖല) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. 2011-ലെ വിജ്ഞാപനത്തിലും ഈ തരംതിരിവുകൾ നിലനിർത്തുകയുണ്ടായി. CRZ-4-ൽ അതിർത്തിവരെയുള്ള വെള്ളം നിറഞ്ഞ പ്രദേശങ്ങൾ ഉൾപ്പെടുത്തിയതും വേലിയേറ്റ സ്വാധീനമുള്ള ജല മേഖലകൾ ഉൾപ്പെടുത്തിയതും ആണ് ആകെ വരുത്തിയ മാറ്റം.

1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമ പ്രകാരം ആൻഡമാൻ-നിക്കോബാർ, ലക്ഷദ്വീപ് എന്നീവയുടെ സംരക്ഷണത്തിനായി ആദ്യമായി ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

**2. CRZ-1 വിഭാഗത്തിൽ ഉൾപ്പെടുന്നതിന് യോഗ്യമായ തീരദേശ മേഖലകൾ ഏതെല്ലാം ആണ്?**

CRZ-1 വിഭാഗത്തിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് എന്ന് 2011-ലെ CRZ വിജ്ഞാപനത്തിൽ വളരെ വ്യക്തമായി നൽകിയിട്ടുണ്ട്. അവയിൽ താഴെ പറയുന്നവ ഉൾകൊള്ളുന്നു.

i) തീരദേശങ്ങളുടെ തനതു സ്വഭാവം നിലനിർത്തുന്നതിൽ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളും ജീവജാലങ്ങളുടെ സ്വഭാവവും പ്രധാന പങ്ക് വഹിക്കുന്നു.

- 1000 ചതുരശ്ര മീറ്ററിൽ അധികം കണ്ടൽ വൃക്ഷങ്ങൾ ഉണ്ടെങ്കിൽ 50 മീറ്റർ നിക്ഷ്പക്ഷ മേഖല നൽകും.
- പവിഴവും പവിഴ ദ്വീപും അതിനോടനുബന്ധിച്ചുള്ള ജൈവ വൈവിധ്യതയും.
- മണൽ കുമ്പാരങ്ങൾ
- ജീവ ശാസ്ത്രപരമായി സജീവമായ ചളിത്തട്ടുകൾ
- ദേശീയ ഉദ്യാനങ്ങൾ, കടലോര ഉദ്യാനങ്ങൾ, പരിശുദ്ധ സ്ഥലങ്ങൾ, റിസർച്ച് വനങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ 1972ലെ വന്യ ജീവി സംരക്ഷണ നിയമ പ്രകാരം (53, 1972) 1980ലെ വന സംരക്ഷണ നിയം (69,1980) 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം (29,1986) എന്നിവ പ്രകാരം ഉള്ള മറ്റ് സംരക്ഷണ മേഖലകളിൽ
  * ഉപ്പ് നിലങ്ങൾ
  * ആമകളുടെ ആവാസ കേന്ദ്രങ്ങൾ
  * കുതിര കുളമ്പൻ ഞണ്ടുകളുടെ ആവാസകേന്ദ്രങ്ങൾ
  * കടൽ പുല്ലുകൾ നിറഞ്ഞ സ്ഥലങ്ങൾ
  * പക്ഷികളുടെ ആവാസ കേന്ദ്രങ്ങൾ
  * ചരിത്ര പ്രാധാന്യമുള്ള നിർമ്മിതികളും പുരാതന സ്ഥലങ്ങളും ഉൾപ്പെട്ട ജീവ മണ്ഡലങ്ങളും ഇതിൽ പെടുന്നു.

ii) ചെറുവേലിയേറ്റവും വൻ വേലിയേറ്റവും ഉണ്ടാകുന്നതിന് മദ്ധ്യത്തിലുള്ള മേഖലകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

**3. CRZ-1 മേഖലകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലം ആണ്?**

1991ലെ വിജ്ഞാപന പ്രകാരം അംഗീകാരമുള്ളതും കാലാകാലങ്ങളിൽ പരിഷ്കരിച്ചതുമായ നടപടികൾ തന്നെ യാണ്. 2011ലെ വിജ്ഞാപന പ്രകാരവും അംഗീകരിച്ചിരിക്കുന്നത്. ഇവ താഴെ പറയുന്നവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

i) താഴെ പറയുന്നവ ഒഴികെ പുതുതായി ഒരു നിർമ്മാണ പ്രക്രിയയും CRZ-1-ൽ നടത്തുവാൻ പാടുള്ളതല്ല.

- ആണവ ഊർജ്ജവിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾ
- പൈപ്പ് ലൈനുകൾ, വികരണ ശൃംഖലകൾ ഉൾപ്പെടെയുള്ള വാഹക സംവിധാനം.
- CRZ-1ൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രക്രിയകൾക്ക് വേണ്ട ഒഴിച്ചു കൂടാനാകാത്ത സൗകര്യങ്ങൾ.
- കൊടുംകാറ്റും മഴയും മുൻകൂട്ടി പ്രവചിക്കാൻ ഭാരതത്തിലെ കാലവസ്ഥാനിരീക്ഷണ കേന്ദ്രത്തിന് ആവശ്യമായ കാലാവസ്ഥാ പ്രവചന റഡാറുകൾ സ്ഥാപിക്കുക.

- ചെറുവേലിയേറ്റവും വൻവേലിയേറ്റവും ഉണ്ടാകുന്ന മേഖലകൾക്ക് മദ്ധ്യേയുള്ള ജലത്തിന്റെ നീക്കത്തെ ബാധിക്കാത്ത തരത്തിൽ തൂണുകളിലും ഊന്നുകാലുകളിലും ഉള്ള റോഡുകളുടേയും കടലിലേക്കുള്ള കടത്തുവഴികളുടേയും നിർമ്മാണം.
- നവി മുംബൈയിൽ മാത്രം ഇതിനകം അനുമതി നൽകിയിട്ടുള്ള ഹരിതമേഖല വിമാനത്താവള ങ്ങളുടെ വികസനം.

ii) പരിസ്ഥിതി പരമായി അധിക പ്രാധാന്യമില്ലാത്ത മേഖലകളിൽ ചെറുവേലിയേറ്റ നിരയും വൻ വേലിയേറ്റ നിരയ്ക്കും മദ്ധ്യേ താഴെ പറയുന്നവ പ്രവർത്തനങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു.

- പ്രകൃതി വാതകത്തിന്റെ കണ്ടെത്തലും ഖനനവും
- ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മഴയിൽ നിന്നുള്ള പൊതു അഭയ കേന്ദ്രങ്ങൾ, പൊതു ശൗചാലയങ്ങൾ, റോഡുകൾ, ബോട്ടുജെട്ടികൾ, അഴുക്കുചാലുകൾ, തുടങ്ങി പരമ്പരാഗതമായി ഈ മേഖലയിൽ താമസിക്കുന്നവർക്ക് വേണ്ടിയുള്ള സംവിധാനങ്ങൾ ബന്ധപ്പെട്ട തീര സംരക്ഷണ സമിതിയുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിർമ്മിക്കുക.
- കടൽ വെള്ളം സൂര്യതാപത്താൽ ബാഷ്പീകരിച്ചുള്ള ഉപ്പ് നിർമ്മാണം.
  വെള്ളത്തിൽ നിന്നും ഉപ്പ് വേർതിരിന്നതിനുള്ള കേന്ദ്രങ്ങൾ
- ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ഭക്ഷ്യധാന്യങ്ങൾ എന്നിങ്ങനെ ദൂഷ്യഫലങ്ങൾ ഇല്ലാത്ത വസ്തുക്കൾ നിർദിഷ്ട കേന്ദ്രങ്ങളിൽ ശേഖരിക്കുക.
- ജലത്തിന്റെ വേലിയേറ്റ പ്രവാഹത്തെ തടസ്സപ്പെടുത്താത്ത തരത്തിൽ തൂണുകളിലുള്ള ഊന്നുകാലുകളിലും ഉള്ള പാതകളുടേയും കടലിലേക്കുള്ള കടത്തു വഴികളുടേയും നിർമ്മാണം.

4) CRZ-II **വിഭാഗത്തിൽ ഉൾപ്പെടുന്നതിന് യോഗ്യമായ തീരദേശം മേഖലകൾ ഏതെല്ലാം ആണ്?**

കടൽ തീരത്തിന് അടുത്തുവരെ വികസിപ്പിക്കപ്പെട്ടതും മുനിസിപ്പൽ പരിധിയിൽ വരുന്നതും ആയ മേഖലകളെ ആണ് വിജ്ഞാപനത്തിൽ CRZ-II മേഖലകൾ ആയി നിർവചിക്കപ്പെട്ടിരിക്കുന്നത്.

5) CRZ-II **മേഖലകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ആണ്.?**

നിലവിലുള്ള പാതയുടെ ഓരത്തുള്ള കരപ്രദേശത്ത് കെട്ടിട നിർമ്മാണം, അംഗീകരിക്കപ്പെട്ട നിർമ്മാണങ്ങളൊ അവയുടെ അഭാവത്തിൽ ആപത്ത് സംരക്ഷണ കേന്ദ്രങ്ങളോ അനുവദനിയമാണ്. അതു കൂടാതെ ഉപ്പ് വേർതി രിക്കൽ പ്ലാന്റുകൾ ദൂഷ്യ ഫലങ്ങൾ ഇല്ലാത്ത വസ്തുക്കളുടെ ശേഖരണ കേന്ദ്രങ്ങൾ എന്നിവയും അനുവ ദിച്ചിരിക്കുന്നു. എന്നാൽ ഇവയുടെ തറ നിരപ്പിന്റെ സൂചികയും, തറ പ്രദേശത്തിന്റെ തോതു (CRZ 2011 വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നവ അതായത് പ്രധാനമായും ചേരികളുടെ വികസനവും ഇടിഞ്ഞു പൊളിഞ്ഞ നിർമ്മിതികളുടെ പുന നവീകരണവും ഒഴികെ എല്ലാ നിർമ്മിതികളും 19.2.1991ലെ നിലയിൽ ആയിരിക്കണം.

6) CRZ-III **വിഭാഗത്തിൽ ഉൾപെടുന്നതിന് യോഗ്യമായ തീരദേശ മേഖലകൾ ഏതെല്ലാമാണ്? ഈ മേഖലകളിൽ എന്തെല്ലാംപ്രവർത്തനങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു?**

മുകളിൽ പറഞ്ഞിരിക്കുന്ന CRZ ഒന്നു രണ്ടും വിഭാഗങ്ങളിൽ പെടാത്തതും താരതമ്യേന അധികം ഉപയോ ഗിക്കപെട്ടിട്ടില്ലാത്തതും അധികം വികസന പദ്ധതികൾ നടപ്പിലാക്കയിട്ടില്ലാത്തതും ആയ ഗ്രാമീണ നഗര മേഖലകൾ ഇതിൽ ഉൾപ്പെടുന്നു.

1991 വിജ്ഞാപന പ്രകാരം CRZ-III-ൽ അനുവദനീയമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വിജ്ഞാപനവും അനുമതി നൽകുന്നു. വൻ വേലിയേറ്റം ഉണ്ടാകുന്ന 0-200 മീറ്റർ പ്രദേശം ഒരു വികസന പ്രവർത്തനവും അനുവദനീയമല്ലാത്ത മേഖലയാകുന്നു. ഇവിടെ ഒരു തരത്തിലുള്ള നിർമ്മാണവും അനുവദിക്കുന്നതല്ല. എന്നാൽ കൃഷി, പുഷ്പ ഫല തോട്ടങ്ങൾ, ഉദ്യാനങ്ങൾ, കന്നുകാലിമേച്ചിൽ സ്ഥലങ്ങൾ, കളിസ്ഥലങ്ങൾ, വനവൽകരണം, ആണവ ഊർജ്ജ പദ്ധതികൾ, അത്യ പൂർവ്വ ധാതുക്കളുടെ ഖനനം, കടൽ വെള്ളത്തിൻ നിന്നുള്ള ഉപ്പ് നിർമ്മാണം, പെട്രോളിയം ഉൽപന്നങ്ങളും ദ്രവരൂപത്തിലുള്ള പ്രകൃതി വാതകവും ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും അവ നിറയ്ക്കുന്നതിനും ഉള്ള സൗകര്യം പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദന സംവിധാനങ്ങൾ, ചില പൊതു സൗകര്യങ്ങൾ എന്നിവ ഈ മേഖലയിൽ അനുവദനീയം ആണ്.

വൻവേലിയേറ്റ മേഖലയിൽ വരുന്ന 200-500 മീറ്റർ പരിധിയിൽ പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥലങ്ങളുടെ നിർമ്മാണവും, അഴിച്ചുപണികളും, വിനോദ സഞ്ചാര പദ്ധതികൾ, നവി മുംബൈയിൽ ഹരിത മേഖല വിമാനത്താവളം, പെട്രോളിയം ഉത്പന്നങ്ങളുടേയും പ്രകൃതി വാതകത്തിന്റേയും ശേഖരണം, ദൂഷ്യ ഫലങ്ങൾ ഇല്ലാത്ത വസ്തുക്കളുടെ സംഭരണ കേന്ദ്രങ്ങൾ, ഉപ്പ് നിർമ്മാണ പദ്ധതികൾ, പാരമ്പര്യേതര ഊർജ്ജശ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം എന്നിവ അനുവദനീയം ആണ്.

7) CRZ-IV**വിഭാഗത്തിൽ ഉൾപെടുന്നതിന് യോഗ്യമായ തിരദേശ മേഖലകൾ ഏതെല്ലാം ആണ്?**

ചെറുവേലിയേറ്റ നിരയിൽ നിന്നും തീരം വരെയുള്ള കടൽ പ്രദേശം അതായത് വേലിയേറ്റ സ്വാധീനമുള്ള കടൽ പ്രദേശം ഉൾപ്പെടെ ഉള്ളവ CRZ-IVൽ ഉൾപ്പെടുത്തിയിരിക്കുന്നു.

8) CRZ-IV **മേഖലകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ആണ്?**

പരമ്പരാഗത മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് CRZ-IV മേഖലയിൽ ഒരു നിയന്ത്രണവും ഇല്ല. എന്നാൽ ശുദ്ധീകരിച്ചിട്ടില്ലാത്ത മാലിനജലം, ഖരരൂപത്തിലുള്ള മാലിന്യങ്ങൾ എന്നിവ ഈ മേഖലയിൽ നിക്ഷേപിക്കുന്നതിന് അനുമതിയില്ല. നഗര പ്രദേശത്തുനിന്നുള്ള മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ഈ വിജ്ഞാപന തീയ്യതി മുതൽ ഒരു വർഷത്തിനുള്ളിൽ തയ്യാറാക്കുകയും അതിന് ശേഷം രണ്ട് വർഷത്തിനുള്ളിൽ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# III. മത്സ്യ ബന്ധന തൊഴിലാളി സമൂഹത്തിനായുള്ള പ്രത്യേക സൗകര്യങ്ങൾ

## I. മത്സ്യ ബന്ധന തൊഴിലാളികളുടെ നേട്ടത്തിനായി 2011-ലെ വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്ന പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാം?

മത്സ്യതൊഴിലാളി സമൂഹം പരമ്പരാഗതമായി തീരപ്രദേശങ്ങളിൽ വസിക്കുന്നവരായതിനാൽ 2011ലെ വിജ്ഞാപനത്തിൽ അവർക്കാണ് മുൻഗണനാ പ്രാധാന്യം നൽകിയിട്ടുള്ളത്. തീരദേശങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾക്കും മറ്റ് പ്രദേശിക സമൂഹത്തിനും സുരക്ഷിത ജീവിത മാർഗം ഉറപ്പാക്കുക എന്നതാണ് ഈ വിജ്ഞാപനത്തിന്റെ ഒരു പ്രധാന ലക്ഷ്യം അതോടൊപ്പം തന്നെ ആഗോള താപനം മൂലം സമുദ്രനിരപ്പ് ഉയരുന്നതുൾപ്പെടെ പ്രകൃത്യാ ഉള്ള അപായങ്ങൾ കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സുസ്ഥിരമായ നിലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ വിജ്ഞാപനം ലക്ഷ്യമിടുന്നു.

മത്സ്യബന്ധന തൊഴിലാളി സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2011ലെ വിജ്ഞാപനത്തിൽ ഉള്ള നിർദ്ദേശങ്ങൾ ഇനി പറയുന്നു.

i) തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള കടൽ പ്രദേശവും വേലിയേറ്റ സ്വാധീനമുള്ള ജലസമ്പത്തും ഇനി പറയുന്ന കാരണങ്ങളാൽ തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ശുദ്ധീകരണ പ്രക്രിയയ്ക്ക് വിധേയമാക്കാതെ മലിനജലവും മറ്റ് മാലിന്യങ്ങളും അതുപോലെ ഖര മാലിന്യങ്ങളും നിക്ഷേപിക്കപ്പെടുന്നതുമൂലം മത്സ്യങ്ങൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ഭംഗം വരുന്ന നടപടികൾ നിയന്ത്രിക്കുക.
- കടൽ മേഖലയിൽ ഉള്ള, പവിഴം, പവിഴ ദ്വീപുകൾ, അനുബന്ധ ജൈവ വൈവിധ്യങ്ങൾ, കടലിലെ ജീവജാലങ്ങൾ ജൈവ വ്യവസ്ഥ, കടൽ പുൽമെത്തകൾ തുടങ്ങി മത്സ്യങ്ങൾക്കും മത്സ്യവ്യവസായത്തിനും അടിസ്ഥാനമായ ഘടകങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- മണ്ണു മാന്തൽ, മണ്ണിന്റെ ഖനനം, കപ്പലിൽ നിന്നും ഉള്ള മാലിന്യങ്ങൾ കടലിൽ നിക്ഷേപിക്കുക, കൃത്രിമ പാതകൾ തുറക്കുക തുടങ്ങി മത്സ്യബന്ധനത്തേയും അനുബന്ധ പ്രവർത്തനങ്ങളെയും ഗുരുതരമായി സ്വാധീനിക്കുന്ന നടപടികൾ കടൽ തീരങ്ങളിൽ നിയന്ത്രിക്കുക.
- കാലാവസ്ഥ വ്യതിയാനം മൂലമുള്ള സ്വാധീനങ്ങൾ, പ്രകൃതി ദുരന്തങ്ങളുടെ ആവർത്തനം തുടങ്ങിയവ മത്സ്യബന്ധന തൊഴിലാളി സമൂഹത്തിലും അവരുടെ ജീവിതമാർഗ്ഗത്തിലും വരുത്തുന്ന സ്വാധീനങ്ങൾ എന്നിവ സംബന്ധിച്ച പഠനങ്ങൾ കടൽ തീരങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനം ഉറപ്പ് വരുത്തുക.

മത്സ്യബന്ധനവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങി പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു തരത്തിലുള്ള നിയന്ത്രണവും ഈ മേഖലയിൽ നടപ്പിലാക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ii) പ്രധാനമായും മനുഷ്യ പ്രവർത്തനങ്ങൾ വഴി ഉണ്ടാകുന്ന മണ്ണൊലിപ്പ് മൂലം രാജ്യത്തുടനീളം ഉള്ള തീരദേശങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികളും അവരുടെ വാസസ്ഥാനങ്ങളും അപകട ഭീതിയിൽ ആണ്. അതിനാൽ തീരദേശമേഖലയെ ഉയർന്നതോതിൽ മണ്ണൊലിപ്പ് ഉള്ള മേഖല, ഇടത്തരം തോതിൽ മണ്ണൊലിപ്പുള്ള മേഖല, മണ്ണൊലിപ്പില്ലാത്ത മേഖല എന്നിങ്ങനെ മൂന്നായി തരം തിരിച്ച് മുകളിൽ പ്രതിപാദിച്ച തരത്തിലുള്ള മനുഷ്യ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

iii) തീരദേശ മേഖലാ പരിപാലന പദ്ധതികൾ തയ്യാറാക്കുമ്പോൾ മത്സ്യബന്ധന തൊഴിലാളി സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്ത അനുബന്ധ സൗകര്യങ്ങൾ വ്യക്തമായി നിർവച്ചിക്കുകയും, മത്സ്യം പ്രജനനത്തിനും മത്സ്യബന്ധനത്തിനും ഉള്ള മേഖലകൾ അടയാളപ്പെടുത്തുകയും വേണം.

iv) 2011ലെ വിജ്ഞാപനത്തിൽ തീരദേശ മേഖലാ പരിപാലന പദ്ധതിയുടെ കരടുരേഖ സംബന്ധിച്ച അഭിപ്രായങ്ങൾ ബന്ധപ്പെട്ടവരുടെ പക്കൽ നിന്നും ക്ഷണിക്കണം എന്ന് നിർദ്ദേശിക്കുന്നു. അതുമൂലം ഇദംപ്രഥമമായി മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രദേശിക സമൂഹത്തിന് തീരദേശ പരിപാലനം സംബന്ധിച്ച തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യം ലഭിക്കും.

v) CRZ-III മേഖലകളിൽ പ്രാദേശിക മത്സ്യബന്ധന തൊഴിലാളി സമൂഹത്തിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള അനുമതി ഈ വിജ്ഞാപനത്തിൽ നൽകിയിരിക്കുന്നു.

vi) പ്രദേശികമായ ടൗൺപ്ലാനിംഗ് നിബന്ധനകൾക്ക് അനുസൃതമായ നിലയിൽ മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രദേശിക സമൂഹത്തിന് ആവശ്യമായ വാസ സ്ഥലങ്ങളുടെ അറ്റകുറ്റപണികളും, പുനർ നിർമ്മാണവും അനുവദനീയമാക്കിയിരിക്കുന്നു.

vii) 0-200 മീറ്റർ വരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതിയില്ലാത്ത CRZ-IVമേഖലകളിൽ മത്സ്യതൊഴിലാളികൾ ഉൾപ്പെടെ പരമ്പരാഗതമായി തീരദേശത്തു വസിക്കുന്നവരുടെ വാസസ്ഥലങ്ങളുടെ ആവശ്യത്തിനായി വികസന പ്രവർത്തനങ്ങൾ പാടില്ലാത്ത പ്രദേശം 100 മീറ്റർ കണ്ട് കുറച്ചിരിക്കുന്നു. അതായത് അത്തരം സമൂഹത്തിന്റെ വാസസ്ഥലങ്ങൾ ഉയർന്നതോതിൽ വേലിയേറ്റം ഉണ്ടാകുന്ന പരിധിയിൽ നിന്നും 100 മുതൽ 200 മീറ്റർ ദൂരത്തിൽ നിർമ്മിക്കാവുന്നതാണ്. ഇതിന് അതത് സംസ്ഥാന സർക്കാരുകളുടേയും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെയും അനുമതി തേടേണ്ടതുണ്ട്.

**2. മത്സ്യബന്ധന സമൂഹത്തിന്റെ നേട്ടത്തിനായി 2011ലെ വിജ്ഞാപനത്തിൽ സംസ്ഥാനങ്ങൾക്ക് വെവ്വേറെയുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?**

**വിശാല മുംബൈ :** പ്രദേശികമായ ടൗൺ പ്ലാനിംഗ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഇവിടുത്തെ മത്സ്യബന്ധന തൊഴിലാളികൾക്ക് (കോളിവാഡാസ്) ആവശ്യമായ നിർമ്മാണ, പുനർ നിർമ്മാണ പ്രക്രിയകൾ നടത്തുന്നതിന് ആവശ്യമായ മേഖലയെ CRZ-III ആയി പ്രഖ്യാപിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

- **ഗോവ:** ഗോവയുടെ തീരപ്രദേശത്ത് ഉടനീളം മത്സ്യബന്ധനം നടക്കുന്ന ഗ്രാമ പ്രദേശങ്ങൾ സർവ്വേയിലൂടെ കണ്ടെത്തുകയും അതിന്റെ രേഖാ ചിത്രം തയ്യാറാക്കുകയും ഈ മേഖലകളിൽ മത്സ്യബന്ധനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുകയും വേണം. 1991ലെ CRZ വിജ്ഞാപന പ്രകാരം CRZ മേഖലയിൽ പ്രദേശിക സമൂഹത്തിനുവേണ്ടി താമസ സ്ഥലങ്ങളുടെ വികസനം/ പുനർ നിർമ്മാണം/നവീകരണം എന്നിവ അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ നടപ്പിലാക്കുന്നത് നിയമത്തോടുള്ള ധിക്കാരം ആയി കരുതപ്പെട്ടിരുന്നു. അത്തരത്തിലുള്ള 5000ത്തോളം നിർമ്മാണങ്ങൾ ഇടിച്ചുപൊളിക്കുന്നതിന് ബഹുമാനപ്പെട്ട ബോംബെ ഹൈകോടതി ഉത്തരവിടുകയുണ്ടായി. എന്നാൽ 2011ലെ വിജ്ഞാപനത്തിൽ പ്രദേശിക സമൂഹത്തിനായുള്ള വാസ സ്ഥലങ്ങളുടെ അറ്റകുറ്റ പണികളും പുനർനിർമ്മിതയും, നവീകരണവും CRZ മേഖലയിൽ അനുവദിച്ചിരിക്കുന്നു.
- **കേരളം:** ഉയർന്ന വേലിയേറ്റ തീരത്തുനിന്നും കരയിലേക്ക് 50 മീറ്റർ എന്ന നിലയിലേക്ക് CRZ മേഖല ചുരുക്കുകയുണ്ടായി. ഇവിടം പുതുതായി നിർമ്മാണങ്ങൾ ഒന്നും നടത്തുവാൻ പാടില്ലാത്ത വികസന പ്രവർത്തന നിരോധിത മേഖലയാണ്. എന്നാൽ ഈ പ്രദേശത്ത് നിലവിലുള്ള മത്സ്യത്തൊഴിലാളി വാസകേന്ദ്രങ്ങൾ നവീകരിക്കുകയും/പുനർ നിർമ്മിക്കുകയും ചെയ്യുന്നതിന് അനുവാദം ഉണ്ട്. മത്സ്യബന്ധന തുറമുഖം, മത്സ്യം ഉണക്കുന്നതിനുള്ള തറ, വല തയ്യാറാക്കുന്നതിനുള്ള തറ, പരമ്പരാഗത രീതിയിൽ ഉള്ള മത്സ്യ സംസ്കരണത്തിനും, ബോട്ടുകൾ നിർമ്മിക്കുന്നതിനുമുള്ള സ്ഥലം, ഐസ് പ്ലാന്റുകൾ, ബോട്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സ്ഥലം തുടങ്ങിയവയും 0-50 മീറ്റർ ദൂരത്തിൽ നിർമ്മിക്കാവു

ന്നതാണ് ഉയർന്ന വേലിയേറ്റ നിരയിൽ നിന്നും 50 മീറ്ററിന് മുകളിലുള്ള മേഖലയിൽ പഞ്ചായത്തിന്റെ അനുമതിയോടെ പ്രദേശിക സമൂഹത്തിനുവേണ്ടിയുള്ള വാസസ്ഥലങ്ങൾ നിർമ്മിക്കാവുന്നതാണ്.

- **സുന്ദർബൻ:** സുന്ദർബാൻ പോലെ പരിസ്ഥിതിപരമായി വളരെ സചേതനമായ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പ്രാദേശിക സമുഹത്തിന് നേട്ടം ഉണ്ടാകത്തക്ക വിധത്തിൽ ഈ മേഖലകളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനും ലക്ഷ്യമാക്കി പ്രദേശിക സമൂഹവും ആയി ചർച്ച ചെയ്തുകൊണ്ട് ഒരു സംയോജിത പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക സമൂഹത്തിന്റെ അതും പരിസ്ഥിതി പരമായി വളരെയധികം പ്രാധാന്യമുള്ള ഈ മേഖലയിൽ താമസിക്കുന്നവരുടെ വാസ സ്ഥലങ്ങളുടെ ആവശ്യകതയും ഈ സംയോജിതിപരിപരിപാലന പദ്ധതിയിൽ ഉൾകൊള്ളിക്കേണ്ടതാണ്.

## IV. മലിനീകരണ നിയന്ത്രണ നടപടികൾ

1) **തീരദേശ മേഖലയിലും തീരദേശ ജല വിതാനത്തിലും മലിനീകരണം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ 2011ലെ വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നു.**

തീരദേശമേഖലയിലും തീരദേശ ജലവിതാനത്തിലും ഉള്ള മലിനീകരണം തടയുന്നതിനുള്ള ചില നടപടിക്രമങ്ങൾ 2011ലെ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തീരപ്രദേശത്തിലുള്ള ജലത്തിലേക്ക് മാലിന്യങ്ങളും മലിനജലവും ഒഴുക്കിവിടുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ തീരദേശ മേഖലകൾ ഉൾകൊള്ളുന്ന എല്ലാ സംസ്ഥാനങ്ങളും താഴെപറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

- ശുദ്ധീകരണ പ്രക്രിയയ്ക്ക് വിധേയമാക്കാതെ മലിനജലം അതുപോലെ തന്നെ തീരപ്രദേശങ്ങളിൽ ജലത്തിലേക്ക് ഒഴുക്കിവിടുന്നത് അടുത്ത രണ്ടു വർഷത്തിനുള്ളിൽ കർശനമായും നിരോധിക്കേണ്ടതാണ്.
- ഈ വിജ്ഞാപന തിയതി മുതൽ ഒരു വർഷത്തിന് അകം ഖരമാലിന്യങ്ങൾ തീരദേശത്തും തീരദേശ ജലത്തിലും നിക്ഷേപിക്കുന്നത് പൂർണ്ണമായും നിർത്തലാക്കേണ്ടതാണ്.
- തീരദേശ മേഖലകളിലേയും ജലത്തിലേയും മലിനീകരണം ഒഴിവാക്കുന്നതിന് ഒരു സമയബന്ധിത പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതി കേന്ദ്ര പരിസ്ഥിതി-വന മന്ത്രലയത്തിന് സമർപ്പിച്ചാൽ, പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ഈ മന്ത്രലായം ലഭ്യമാക്കുന്നതാണ്.

## V. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമം

1) **2011ലെ വിജ്ഞാപന പ്രകാരം അംഗീകാരം ലഭിക്കേണ്ടതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം?**

CRZ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണം എന്ന് വ്യക്തത ഇല്ലാതിരുന്ന 1991ലെ വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്ഥമായി 2011ലെ വിജ്ഞാപനത്തിൽ അംഗീകാരം ലഭിക്കേണ്ടതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ വളരെ വ്യക്തമായി നൽകിയിട്ടുണ്ട്. അവ ഇനി പറയുന്നു.

i) പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ പറയുന്ന റിപ്പോർട്ടുകൾ അഥവാ അനുബന്ധ പത്രങ്ങൾ

സഹിതം അതിന്റെ ചുമതലയുള്ളവർ ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശത്തിന്റെ തീരദേശ പരിപാലന സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

- ഫോറം-I (വിജ്ഞാപനത്തിന്റെ അനുബന്ധം IV)
- തീരദേശത്തും ജലത്തിലും ഉള്ള പരിസ്ഥിതി സ്വാധിനം സംബന്ധിച്ച് വിലയിരുത്തൽ ഉൾപ്പെടെ ധ്രുത ഗതിയിൽ ഉള്ള പരിസ്ഥിതി സ്വാധീന വിലയിരുത്തൽ റിപ്പോർട്ടും പരിസ്ഥിതി സ്വാധീനം സംബന്ധിച്ച സമഗ്രമായ പഠനവും, തുറമുഖത്തും തീരങ്ങളിലും ആവശ്യമായ പദ്ധതികൾ സംബന്ധിച്ച സംയുക്ത പഠനവും, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ കാലാകാലങ്ങളിൽ ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കേണ്ടതാണ്.
- ദുരന്തങ്ങളെയും, അപകട സാധ്യതകളും എങ്ങനെ നേരിടണം എന്നതു സംബന്ധിച്ച പദ്ധതിയുടെ റിപ്പോർട്ട്.
- ചെറുവേലിയേറ്റവും വൻവേലിയേറ്റവും വരുന്ന മേഖലകൾ സൂചിപ്പിക്കുന്ന ചിത്രം ആധികാരികമായ ഒരു ഏജൻസി തയ്യാറാക്കിയത് (1:4000 തോതിൽ).
- മുകളിൽ പറഞ്ഞ ചിത്രത്തിൽ പദ്ധതിയിൽ വരുന്ന നിർമ്മിതികൾ വരച്ചുകാട്ടുക.
- പദ്ധതി പ്രദേശത്തു നിന്നും 7 കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശം ഈ ചിത്രത്തിൽ ഉൾകൊള്ളിച്ചിരിക്കണം.
- തീരദേശ നിയന്ത്രണ മേഖല (CRZ), I, II, III, IV, എന്നിവയിൽ വരുന്ന പ്രദേശങ്ങൾ ചിത്രത്തിൽ പ്രത്യേകം അടയാളപ്പെടുത്തേണ്ടതുണ്ട്.
- മാലിനജലം, ഖരമാലിന്യങ്ങൾ, ഓടയിൽ നിന്നുള്ള ജലം എന്നിവ ഒഴുക്കി വിടുന്നതും നിക്ഷേപിക്കുന്നതും സംബന്ധിച്ച കാര്യങ്ങളിൽ ബന്ധപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡിന്റേയോ, സമിതികളുടേയോ അനുമതി പത്രം ലഭ്യമാക്കേണ്ടതാണ്. തീരദേശ ജലത്തിൽ മലിനീകരണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് മലീനികരണ നിയന്ത്രണ ബോർഡിൽ നിന്നോ/സമിതികളിൽ നിന്നോ ഉള്ള അനുമതി പത്രം നിർബന്ധമാക്കിയിരിക്കുന്നത്.

ii) ബന്ധപ്പെട്ട തീരദേശ നിയന്ത്രണ സമിതി മുകളിൽ പറഞ്ഞ രേഖകൾ CRZ വിജ്ഞാപനത്തിന്റേയും അനുബന്ധ അംഗീകൃത പദ്ധതികളും അനുസരിച്ച് വിലയിരുത്തുകയും അപേക്ഷ ലഭിച്ച് 60 ദിവസങ്ങൾക്കുള്ളിൽ ഇതുസംബന്ധിച്ച ശുപാർശ താഴെ പറയുന്ന വിധം നൽകുകയും ചെയ്യണം.

- പദ്ധതി 2006ലെ EIA വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ SEAC അല്ലെങ്കിൽ EAC യ്ക്ക് അയച്ചുകൊടുക്കും.
- CRZ വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനോ കേന്ദ്ര പരിസ്ഥിതി വന മന്ത്രലയത്തിനോ അയച്ചുകൊടുക്കും.

iii) ബന്ധപ്പെട്ട നിയന്ത്രണ സമിതിയുടെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാരോ പരിസ്ഥിതി-വന മന്ത്രാലയമോ 60 ദിവസങ്ങൾക്കുള്ളിൽ പദ്ധതി സംബന്ധിച്ച തീരുമാനം കൈകൊള്ളേണ്ടതാണ്.

2. **ഇത്തരം ഒരു അനുമതിയ്ക്ക് എത്ര നാൾ അംഗീകാരം ഉണ്ടായിരിക്കും?**

2011ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് അംഗീകാരം നൽകിയ തീയ്യതിമുതൽ അഞ്ച് വർഷ സമയ പരിധി ഉണ്ടായിരിക്കും.

**3. അംഗീകാരം നൽകിയതിന്ശേഷം ഇതു വിലയിരുത്തന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്?**

പദ്ധതിയ്ക്ക് 2011ലെ വിജ്ഞാപന പ്രകാരം ഒരിക്കൽ അംഗീകാരം നൽകികഴിഞ്ഞാൽ താഴെ പറയുന്ന തുടർ പരിശോധനകൾ ഉണ്ടായിരിക്കും.

* പദ്ധതിയുടെ ചുമതലയുള്ളവർ അതിന്റെ പുരോഗതിയും പാരിസ്ഥിതിക പ്രശ്നങ്ങൾ, സംബന്ധിച്ച നിബന്ധനകൾ പാലിക്കപ്പെടുന്നു എന്നതും സംബന്ധിച്ച അർദ്ധവാർഷിക റിപ്പോർട്ടുകൾ എല്ലാ വർഷത്തിലും ജൂൺ1-നും, ഡിസംബർ-31നും ബന്ധപ്പെട്ട നിയന്ത്രണ സമിതിക്ക് രേഖാ മൂലവും, കമ്പ്യൂട്ടറിൽ തയ്യാറാക്കിയ കോപ്പിയും സമർപ്പിക്കേണ്ടതാണ്.
* ഇങ്ങനെ സമർപ്പിക്കപ്പെട്ട എല്ലാ രേഖകളും പൊതുരേഖകൾ ആയിരിക്കും.
* ബന്ധപ്പെട്ട നിയന്ത്രണ സമിതിയ്ക്ക് അപേക്ഷിക്കുന്ന ആർക്കും തന്നെ ഇതിന്റെ പതിപ്പുകൾ നൽകാവുന്നതാണ്. ഇങ്ങനെ ലഭിച്ചഏറ്റവും അവസാനത്തെ റിപ്പോർട്ട് ബന്ധപ്പെട്ട നിയന്ത്രണ സമിതിയുടെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അതിന് അംഗീകാരം നൽകിയ തീയതി മുതൽ 5 വർഷത്തെയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുകയും ചെയ്യും.

## VI. നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ

**1. 2011ലെ വിജ്ഞാപന പ്രകാരം നിർദ്ദിഷ്ട നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്?**

നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ആണ് എന്ന് 1991-ലെ വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരുന്നില്ല. ഈ വിജ്ഞാപനത്തിന്റെ ഏറ്റവും വലിയ പോരായ്മയും നിയന്ത്രണങ്ങൾ അനുസരിക്കപ്പെടാതെ പോയതിന്റെ കാരണവും ഇതുതന്നെയായിരുന്നു. 2011-ലെ CRZ വിജ്ഞാപനത്തിൽ നിയമ ലംഘനം ഉണ്ടായാൽ എങ്ങിനെ എപ്പോൾ നടപടി കൈ കൊള്ളും എന്ന് വളരെ വ്യക്തമാക്കിയിരിക്കുന്നു. ഈ വിജ്ഞാപന പ്രകാരമുള്ള നടപടിക്രമങ്ങൾ ശക്തമായി നാടപ്പിലാക്കുന്നതിന് പരിസ്ഥിതി-വന മന്ത്രലയം സംസ്ഥാന തലത്തിൽ CZMA യുടേയും കേന്ദ്രതലത്തിൽ NCZMA-യുടേയും പ്രവർത്തനം ഘട്ടംഘട്ടമായി കൂടുതൽ ശക്തമാക്കുന്നതാണ്. ഏറ്റവും പുതുതായിഎടുത്ത അനുയോജ്യമായ ചിത്രങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, വിവര സാങ്കേതിക വിദ്യ എന്നിവയുടെ സഹായത്തോടെ നിയമ ലംഘനങ്ങൾ 2011ലെ വിജ്ഞാപന തീയതി മുതൽ നാല് മാസത്തിനകം കണ്ടെത്തുകയും തുടർന്നുള്ള നാല് മാസത്തിനകം 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം അനുശാസിക്കുന്ന തരത്തിൽ ആവശ്യമായ നടപടികൾ കൈ കൊള്ളുകയും ചെയ്യേണ്ടതാണ്.

**2) പ്രവർത്തനങ്ങളുടെ സുതാര്യതയ്ക്കായി എന്തെല്ലാം അനന്തര നടപടികൾ കൈകൊണ്ടിരിക്കുന്നു?**

തീരദേശ നിയന്ത്രണ സമിതിയുടെ പ്രവർത്തനങ്ങൾ സുതാര്യം ആക്കുന്നതിന് വേണ്ടി CZMA ഒരു വെബ്ബ് സൈറ്റ് തയ്യാറാക്കുകയും സമതിയുടെ പദ്ധതികൾ, ചർച്ചാ സംഗ്രഹങ്ങൾ, തീരുമാനങ്ങൾ, അംഗീകാര പത്രങ്ങൾ, ചട്ട ലംഘനങ്ങളും അവയ്ക്കെതിരെ കൈകൊണ്ട നടപടികളും കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ അതിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ് (1991-ലെ വിജ്ഞാപനത്തിൽ ഇത് ഉൾകൊള്ളിച്ചിരുന്നില്ല)

# VII. ചില ക്ലിപ്ത മേഖലകൾക്കുമാത്രമുള്ള പ്രത്യേക നിബന്ധനകൾ

**1) പ്രത്യേക പരിഗണന ആവശ്യമുള്ള മേഖലകൾ ഏതെല്ലാം ആണ്?**

പരിസ്ഥിതി പരമായ വൈവിധ്യത, സാമൂഹിക സാമ്പത്തിക സ്ഥിതി വിശേഷങ്ങൾ, വികസന ത്വര തടങ്ങിയവ കണക്കിലെടുക്കാതെ രാജ്യത്തെ മുഴുവൻ തീരദേശ മേഖലയ്ക്കും ഏകീകൃത നിയന്ത്രണങ്ങൾ ആണ് 1991ലെ വിജ്ഞാപനത്തിൽ ഉണ്ടായിരുന്നത്. 2011ലെ വിജ്ഞാപനത്തിൽ പ്രാദേശിക സമൂഹം നേരിടുന്ന വൈവിധ്യ മാർന്ന പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രത്യേക വ്യവസ്ഥകൾ ഉൾകൊള്ളിച്ചിരിക്കുന്നു. ചേരികളിൽ താമസിക്കുന്നവർ, മുംബൈയിലെ പുരാതനവും സുരക്ഷിതത്വം ഇല്ലാത്തതുമായ കെട്ടിടങ്ങളിൽ താമസിക്കുന്നവർ, കേരളത്തിലെ കായലോര ദ്വീപുകളിൽ താമസിക്കുന്നവർ, ഗോവയിലെ തീരങ്ങളിൽ താമസിക്കുന്ന പ്രാദേശിക സമൂഹം, സുന്ദർബെന്നിലെ പരിസ്ഥിതിപരമായി പ്രാധാന്യമുള്ള മേഖലകളിൽ താമസിക്കുന്നവർ എന്നീ പ്രാദേശിക സമൂഹങ്ങളെയാണ് വിജ്ഞാപനത്തിൽ പരിഗണിച്ചിരിക്കുന്നത്.

**2) വിശാല മുംബൈയ്ക്ക് നൽകിയിരിക്കുന്ന പ്രത്യേക പരിഗണനകൾ എന്തെല്ലാം?**

മുംബൈ നേരിടുന്ന തനതായ പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് തന്നെ താഴെ പറയുന്ന പ്രത്യേക വ്യവസ്ഥകൾ വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നു.

**എ) CRZ-I മേഖലകൾ**

* വേലിയേറ്റ ജലത്തിന്റെ സുഗമമായ പ്രവാഹത്തിന് ചതുപ്പു സ്ഥലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുള്ള പാതകളും അനുബന്ധ സൗകര്യങ്ങളും പൂർത്തികരിക്കുക.
* മുകളിൽ പറഞ്ഞവയുടെ നിർമ്മാണത്തിനായി നശിപ്പിക്കപ്പെടുന്ന കണ്ടൽകാടുകളുടെ അഞ്ച് മടങ്ങ് നട്ട് പിടിപ്പിക്കേണ്ടതാണ്.
* ഈ വിജ്ഞാപന തീയതി മുതൽ ഒരു വർഷത്തിനകം കണ്ടൽ കാടുകൾ എവിടെ സ്ഥിതിചെയ്യുന്ന എന്നതു സംബന്ധിച്ച ഒരു മാപ്പ് തയ്യാറാക്കുകയും അവ രേഖപ്പെടുത്തുകയും അതുപോലെ തന്നെ അവയുടെ സംരക്ഷണം സംബന്ധിച്ച നടപടികൾ തുടങ്ങുകയും വേണം. മാലിന്യ നിക്ഷേപം CRZ മേഖലയിൽ നിന്നും മാറ്റുകയും അപകട രേഖയ്ക്ക് സമീപത്തുള്ള ആവാസ കേന്ദ്രങ്ങളും നിർമ്മിതിയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്യേണ്ട തുണ്ട്.

**ബി) CRZ-II മേഖലകൾ**

* CRZ-II പ്രദേശങ്ങളിൽ ടൗൺപ്ലാനിംഗ് നിയന്ത്രണങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന തരത്തിൽ ഉള്ള തറ പ്രദേശത്തിന്റെ സൂചിക അല്ലെങ്കിൽ തോതിന് അനുസൃതമായി സംസ്ഥാന സർക്കാരുകൾക്ക് ചേരി പുനർ വികസന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. അംഗീകാരം ഉള്ള പദ്ധതികളിൽ നിലവിലുള്ള നിയമം അനുസരിച്ച് ആയിരിക്കണം ഇതു ചെയ്യേണ്ടത്. ഇത്തരം പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റേയോ, സർക്കാർ ഏജൻസികളുടേയോ പങ്ക് 51%ത്തിൽ കുറയാൻ പാടുള്ളതല്ല.

* പുരാതനവും നശിച്ചുകൊണ്ടിരിക്കുന്നവയും, സുരക്ഷിതമല്ലാത്തതുമായ കെട്ടിടങ്ങളുടെ പുനർ വികസനവും പുനർ നിർമ്മിതിയും അനുവദനീയം ആണ്. ഇത്തരം പദ്ധതികൾ കെട്ടിട ഉടമകൾ നേരിട്ടോ, സ്വകാര്യ സ്ഥാപനങ്ങൾ വഴിയോ വേണം ചെയ്യേണ്ടത്, ടൗൺ ഗ്രാമ പ്ലാനിംഗ് നിയന്ത്രണ ങ്ങൾക്ക് വിധേയമായിട്ട് വേണം ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ കൈകൊള്ളേണ്ടത്. അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്നും പദ്ധതിയ്ക്ക് എന്നാണോ അംഗീകാരം ലഭിച്ചത് ആ തീയതി യിൽ നിലവിലുള്ള നിയമം ആണ് ഇതിന് പരിഗണിക്കേണ്ടത്.

* വിശാല മുംബൈ മേഖലയുടെ ഹരിതാഭ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള CRZ-II-ൽ വരുന്ന തുറസ്സായ സ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവയെ CRZ-III ആയി അതായത് ''വികസന പ്രവർത്തനങ്ങൾ പാടില്ലാത്ത മേഖല''യായി തരം തിരിക്കേണ്ടതാണ്. പൊതു സൗകര്യങ്ങൾക്ക് വേണ്ടിയുള്ള നിർമ്മാണങ്ങളും കളിസ്ഥലങ്ങളും മാത്രമാണ് അതും താമസ സൗകര്യത്തിന് 15% അനുവദനീയമായിരിക്കണം എന്ന നിബന്ധനയിൽ ഇവിടെ അനുവദനീയമായുള്ളത്. ഈ സ്ഥലത്ത് വാണിജ്യ പ്രവർത്തനങ്ങൾ അനുവദനീയമല്ല.

* പ്രാദേശിക സമൂഹത്തിന്റെ വാസ സ്ഥലങ്ങളുടെ പുനർ നിർമ്മാണവും അറ്റകുറ്റ പണികളും നടത്തുന്നതിന് CRZ-II മേഖലയിൽ അധികാര സ്ഥാപനങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകാവുന്നതാണ്.

* കോളിവാഡ ഉൾപ്പെടെയുള്ള മത്സ്യബന്ധനത്തിന് അനുകൂലമേഖലകൾ, 1981-ൽ വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രദേശങ്ങൾ, അല്ലെങ്കിൽ മഹാരാഷ്ട്ര സർക്കാരിന്റെ ബന്ധപ്പെട്ട രേഖകളിൽ ഉൾപ്പെടുത്തിയ സ്ഥലങ്ങൾ എന്നിവയുടെ രേഖാ ചിത്രം തയ്യാറാക്കുകയും ഇവയെ CRZ-III മേഖലയായി പ്രഖ്യാപിക്കുയും ചെയ്യേണ്ടതാണ്. ഇതുമൂലം ഇവിടെ തന്നെ വികസന പ്രവർത്തനങ്ങൾ, അതായത് താമസ സ്ഥലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, പുനർ നിർമ്മാണം എന്നിവ ബന്ധപ്പെട്ട പ്രാദേശിക ടൗൺ പ്ലാനിംഗ വിഭാഗത്തിന്റെ അംഗീകാര ത്തോടെ നടപ്പിലാക്കാൻ കഴിയും.

3) **വിശാല മുംബൈയ്ക്ക് വേണ്ടിയുള്ള അത്തരം പ്രത്യേക പദ്ധതികളിൽ അഴിമതികൾ ഇല്ലാ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്?**

ഇവിടുത്തെ ചേരികളുടെയും പുരാതന നിർമ്മിതികളുടെയും പുനർ നവീകരണവും മറ്റും ഏറ്റവും സുതാര്യമായ നിലയിലും പരിപൂർണ്ണ ഉത്തരവാദിത്വത്തിലും നടത്തുന്നത് ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന നിയന്ത്രണ ങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

* അധികാരപ്പെട്ട സ്ഥാപനങ്ങൾ അനുമതി നൽകുന്ന എല്ലാ പുനർവികസന പുനർനിർമ്മാണ പദ്ധ തികൾ സംബന്ധിച്ച വിവരങ്ങൾ ''വിവരാവകാശ നിയമം 2005''ന്റെ പരിധിയിൽ ഉൾപ്പെടുത്തി യിരിക്കുന്നു.

* ചേരികളുടെ പുനർവികസനം സംബന്ധിച്ച പദ്ധതികളുടെ കണക്കുകൾ കൺട്രോളർ ആന്റ് അഡിറ്റർ ജനറൽ (C&AG) ലും നശിച്ചുകൊണ്ടിരിക്കുന്നതും, സുരക്ഷിതമല്ലാത്ത നിലയിലും ഉള്ള നിർമ്മിതികളുടെ പുനർനവീകരണം സംബന്ധിച്ച പദ്ധതികളുടെ കണക്കുകൾ C&AGയുടെ അംഗീകൃത പട്ടികയിൽ വരുന്ന ഓഡിറ്റർമാർ പരിശോധിക്കുകയും വേണം.

* ഒരു ഉന്നതതല പരിശോധനാ സമിതിയെ കാലാകാലമായുള്ള വിലയിരുത്തലിനായി മഹാരാഷ്ട്ര സർക്കാർ നിയമിക്കേണ്ടതുണ്ട്. ഈ സമിതിയിൽ ആർക്കിടെക്ട്, നഗര വികസന പദ്ധതികൾ തയ്യാറാക്കുന്നവർ, എഞ്ചിനീയർമാർ, സാമൂഹിക പ്രവർത്തകർ, എന്നിവർ കൂടാതെ പ്രാദേശിക നഗര സമിതി പ്രതിനിധികൾ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികൾ എന്നിവരും ഉൾപ്പെട്ടിരിക്കണം.

**4) കേരളത്തിലെ പദ്ധതികൾക്ക് നൽകിയിരിക്കുന്ന പ്രത്യേക പരിഗണനകൾ എന്തെല്ലാം?**

വളരെ പ്രത്യേകതകൾ നിറഞ്ഞതും തനതായതുമായ ഒരു തീരദേശ പരിസ്ഥിതി വിശേഷം ആണ് കേരളത്തിൽ നിലവിൽ ഉള്ളത്. കേരളത്തിലെ കായലുകളുടെ ഇടയിൽ ഏകദേശം 300 ഓളം ദ്വീപുകൾ സ്ഥിതിചെയ്യുന്നു. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് വിജ്ഞാപനത്തിൽ കേരളത്തിലെ തീരപ്രദേശങ്ങൾക്കായി പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

കേരളത്തിലെ കായലോരങ്ങളിൽ ഉള്ള ദ്വീപ സമൂഹങ്ങൾ വളരെ വീതികുറഞ്ഞ് നീണ്ട കിടക്കുന്നവ ആയതിനാൽ CRZ മേഖലയെ വൻവേലിയേറ്റ നിരയിൽ നിന്നും 50 മീറ്റർ ആയി ചുരുക്കിയിരിക്കുന്നു. ഈ മേഖല ''വികസന നിയന്ത്രണ മേഖല'' യായി പ്രഖ്യാപിച്ചിരിക്കണം. ഇവിടെ പുതിയ നിർമ്മിതികൾ ഒന്നും തന്നെ പാടുള്ളതല്ല. പ്രാദേശിക സമൂഹത്തിന്റെ നിലവിലുള്ള വാസസ്ഥലങ്ങൾ പുനർ നിർമ്മിക്കുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്യാവുന്നതാണ്. മത്സ്യബന്ധന തുറമുഖം, മത്സ്യം ഉണക്കുന്നതിനുള്ള തറ, വല തയ്യാറാക്കുന്നതിനുള്ള സ്ഥലം, പരമ്പരാഗത രീതിയിലുള്ള മത്സ്യ സംസ്കരണം, വള്ളങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം, ഐസ് പ്ലാന്റുകൾ, വള്ളങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്ന കേന്ദ്രങ്ങൾ എന്നിവയും 50 മീറ്ററിന് ഉള്ളിൽ നിർമ്മിക്കാവുന്നതാണ്. വൻ വേലിയേറ്റ നിരയിൽ നിന്നും 50 മീറ്ററിന് പുറത്ത് കരയിലേയ്ക്കുള്ള സ്ഥലത്ത് പ്രദേശിക സമൂഹത്തിന്റെ വാസസ്ഥലങ്ങൾ പ്രാദേശിക പഞ്ചായത്തിന്റെ അനുമതിയോടെ നിർമ്മിക്കാവുന്നതാണ്.

**(5) സുന്ദർബാൻ അതുപോലെ പാരിസ്ഥിതിക പ്രാധാന്യമുള്ള മറ്റ് മേഖലകൾക്കായി ഉള്ള പ്രത്യേക പരിഗണനകൾ എന്തെല്ലാം?**

രാജ്യത്തെ ഏറ്റവും വലിയ കണ്ടൽ കാടുകൾ ഉള്ളത് സുന്ദർബാനിൽ ആണ്. ഏകദേശം 5 ലക്ഷം ആളുകൾ ഇത്തരം ജീവ മണ്ഡലത്തിൽ ജീവിക്കുന്നു. കാലാവസ്ഥാ മാറ്റം മൂലമുള്ള പാരിസ്ഥിതിക മാറ്റങ്ങളും സമുദ്ര നിരപ്പിന്റെ ഉയരം കൂടുന്നതും എല്ലാം സുന്ദർബാൻ മേഖലയെ വളരെയധികം ബാധിക്കുന്നതാണ്. അനുബന്ധ സൗകര്യങ്ങളുടെ അഭാവം പ്രാദേശിക സമൂഹത്തിന് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. സുന്ദർബാനും അതുപോലെ തന്നെ പാരിസ്ഥിതിക പ്രാധാന്യമുള്ളതുമായ ഗുജറാത്തിലെ ഖംബാട്ട്, കച്ച്, ദ്വീപുകൾ, മാൽവൻ, അച്ച്റ-രത്നഗിരി, കർണ്ണാടകയിലെ കാർവാർ-കുന്ദാപൂർ, കേരളത്തിലെ വേമ്പനാട്, ഒറീസയിലെ ബൈട്ടർ കനിക, ആന്ധ്രപ്രദേശിലെ കൊറിംഗ, പൂർവ്വ ഗോദാവരി, കൃഷ്ണ മേഖലകൾ എന്നിവയ്ക്കായി ഒരു സംയോജിത പരിപാലന പദ്ധതി വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ഈ പ്രദേശങ്ങളെ വളരെ അപായകരമായ നിലയിലുള്ള തിരപ്രേദേശം (Critical Vulnerable Coastal Area-CVCA) എന്ന് നിർദ്ദേശിക്കുകയും ഇവയോരോന്നിനും അനുയോജ്യമായ സംയോജിത പരിപാലന പദ്ധതികൾ പ്രാദേശിക സമൂഹത്തിന്റെ അനുമിയോടെ രൂപീകരിക്കേണ്ടതും ആണ്.

ഇത്തരം സംയോജിത പരിപാലന പദ്ധതികൾ തയ്യാറാക്കി വരുന്നതുവരെ പ്രാദേശിക സമൂഹത്തിന്

ആവശ്യമായ എല്ലാ അനുബന്ധ സൗകര്യങ്ങളും തീരദേശ നിയന്ത്രണ സമിതി ഒന്നൊന്നായി പരിശോധിച്ച് അനുമതി നൽകേണ്ടതാണ്.

**6) ഗോവയിലെ പദ്ധതികൾക്ക് നൽകിയിരിക്കുന്ന പ്രത്യേക പരിഗണനകൾ എന്തെല്ലാം?**

ഗോവ സംസ്ഥാനത്തിലെ പദ്ധതികൾക്കായി വളരെ പ്രത്യേകമായ നിർദ്ദേശങ്ങൾ ആണ് നൽകിയിരിക്കുന്നത്. തീരദേശത്തിന് പരിസ്ഥിതി പരമായ സംരക്ഷണവും സുസ്ഥിരമായ വികസനവും പ്രദാനം ചെയ്യുന്നതിന് വളരെ കഠിനമായ നിയന്ത്രണ സംവിധാനം ആണ് നിർദ്ദേശിച്ചിരിക്കുന്നത്. താഴെ പറയുന്ന മറ്റ് നിർദ്ദേശങ്ങളും ഉൾപ്പെടുത്തിരിക്കുന്നു.

* തീരദേശ നിവാസികളുടെ പരമ്പരാഗത തൊഴിൽ മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും ആയതിനാലും, മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ജീവിത വൃത്തിക്കായി ചില അനുബന്ധ സൗകര്യങ്ങൾ വേണ്ടിവരുന്നതിനാലും വളരെ വിശദമായ സർവ്വേ നടത്തിയതിന് ശേഷം ഗോവ സർക്കാർ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.
* പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥലങ്ങളുടെ പുനർ നിർമ്മാണവും, അറ്റകുറ്റ പണികൾ നടത്തുന്നതും CRZ മേഖലയിൽ അനുവദനീയം ആണ്.
* ഖാസാൻ എന്നറിയപ്പെടുന്ന വേലിയേറ്റ സാധ്യതയുള്ള വളരെ താഴ്ന്നതും പരിസ്ഥിതി പരമായി വളരെ പ്രാധാന്യമുള്ളതും ആയ മേഖലയുടെ രേഖാ ചിത്രം തയ്യാറാക്കണം. അത്തരം പ്രദേശങ്ങളിലുള്ള കണ്ടൽ കാടുകൾ സംരക്ഷിക്കുകയും അതിനായി ഒരു പരിപാലന പദ്ധതി തയ്യാറാക്കുകയും വേണം ഖാസൻ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ അനുവദനീയം അല്ല.
* കടൽ കരയിലെ പൂഴി മണൽ കുന്നുകൾ, കടൽ തീരം, ചെറു ഉൾകടലുകൾ എന്നിവയുടെ മാപ്പ് തയ്യാറാക്കുകയും ഇവിടങ്ങളിൽ യാതൊരു തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ പിടില്ലാത്തതും ആകുന്നു.

മാൻഡ്രം, മോർജിം, ഗൽജീബ, അഗോണ്ട, എന്നീ ദ്വീപുകൾ കടലാമകളുടെ ആവാസ സ്ഥാനമായി രേഖപ്പെടുത്തപ്പെടുകയും 1972ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരം സംരക്ഷിക്കപ്പെട്ടു വരികയും ചെയ്യുന്നു. ഇത്തരം പ്രദേശങ്ങളിൽ സർവ്വേ നടത്തുകയും ഇവയുടെ സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുകയും വേണം. ഈ പ്രദേശങ്ങളിൽ യാതൊരു തരത്തിലുള്ള വികസന പ്രവർത്തനങ്ങളും അനുവദനീയം അല്ല.

## VIII. 1991ലെ വിജ്ഞാപന പ്രകാരമുള്ള നിയമലംഘനങ്ങളും കെട്ടികിടക്കുന്ന കേസുകളുടെ തീർപ്പ് കല്പിക്കലും

**1) 2011 ലെ വിജ്ഞാപനം പുറത്തു വരുന്നതോടുകൂടി 1991ലെ വിജ്ഞാപന പ്രകാരമുള്ള നിയമലംഘന കേസുകൾ തള്ളികളയുമോ?**

ഇല്ല. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 5-10 വകുപ്പ് പ്രകാരം പരിസ്ഥിതി-വന മന്ത്രാലയം പുറപ്പെടുവിക്കുന്ന അനുയോജ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് CZMA യ്ക്ക് അനുവർത്തിക്കേണ്ട നയം സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയും, ഏറ്റവും നൂതനമായ മാപ്പുകളും, ഉപഗ്രഹം വഴി ലഭിച്ച

ചിത്രങ്ങളും, വിവര സങ്കേതിക വിദ്യകളും ഉപയോഗിച്ച് ഒരു ക്ലിപ്ത കാലയളവിനുള്ളിൽ തിർപ്പ് കല്പിക്കുന്നതിന് കഴിയും.

2) **2011ലെ വിജ്ഞാപനം വന്നു കഴിയുമ്പോൾ 1991-ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പദ്ധതികളുടെ സ്ഥിതി എന്താകും?**

2011 വിജ്ഞാപന പ്രകാരമുള്ള തീരദേശ മേഖല സംരക്ഷണ പദ്ധതികൾ നിലവിൽ വരുന്നതുവരെ 1991-ലെ വിജ്ഞാപന പ്രകാരമുള്ള പദ്ധതികൾ പിൻതുടരേണ്ടതാണ്.

3) **ആദർശ് പോലെ 1991-ലെ വിജ്ഞാപന പ്രകാരമല്ലാതെ അതായത് നിയമ ലംഘനം നടത്തി നിർമ്മിച്ച കെട്ടിടങ്ങൾ 2011ലെ വിജ്ഞാപന പ്രകാരം അംഗീകാരം നൽകുന്നുണ്ടോ?**

ഇല്ല. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 5-10 വകുപ്പ് പ്രകാരം പരിസ്ഥിതി-വന മന്ത്രാലയം പുറപ്പെടുവിക്കുന്ന അനുയോജ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് CZMA യ്ക്ക് അനുവർത്തിക്കേണ്ട നയം സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയും, ഏറ്റവും നൂതനമായ മാപ്പുകളും, ഉപഗ്രഹം വഴി ലഭിച്ച ചിത്രങ്ങളും, വിവര സങ്കേതിക വിദ്യകളും ഉപയോഗിച്ച് ഒരു ക്ലിപ്ത കാലയളവിനുള്ളിൽ തിർപ്പ് കല്പിക്കുന്നതിന് കഴിയും.

## IX. ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാപനം

1) **ദ്വീപ് സംരക്ഷണത്തിനായി 2011-ൽ ഒരു പ്രത്യേക വിജ്ഞാപനം ആവശ്യമായത് എന്തുകൊണ്ട്?**

ആൻഡമാൻ നിക്കോബാർ മേഖലയിൽ 500ഓളവും ലക്ഷദ്വീപിൽ 30 ദ്വീപുകൾ ഉണ്ട്. സമുദ്രത്തിലെ ഈ രണ്ട് ദ്വീപ സമൂഹങ്ങളിലും രാജ്യത്തെ ഏറ്റവും ജൈവ വൈവിധ്യതയുള്ളതും ത്രസിപ്പിക്കുന്നതുമായ സിരാകേന്ദ്ര ങ്ങളുണ്ട്. ആൻഡമാൻ & നിക്കോബാർ ദ്വീപു സമൂഹത്തിൽ ഭൂമിയിലായാലും കടലിലായലും വളരെ ജൈവ വൈവിധ്യത ഉള്ള മേഖലയാണ്. ആൻഡ്മാൻ നിക്കോബാർ മേഖലയുടെ 85% വരുന്ന വന പ്രദേശവും ഇതിൽ പെടുന്നു. ലക്ഷദ്വീപ്, പവിഴ ദ്വീപാണ്. ഈ ദ്വീപകളുടെ ഭൂപ്രദേശം വളരെ ചെറുതാണ്. അതിനാൽ 500 മീറ്റർ എന്ന തീരദേശ നിയന്ത്രണ മേഖല ഇവിടങ്ങളിൽ ഉണ്ടാകാറില്ല. അതിനാൽ ഈ ദ്വീപ സമൂഹത്തെ മുഴുവനും കണക്കിലെടുത്തുകൊണ്ട് ഒരു പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നു. എന്നാൽ ആൻഡമാൻ നിക്കോ ബാർ ദ്വീപ് സമൂഹത്തിലെ വടക്കേ ആൻഡമാൻ, മദ്ധ്യ ആൻഡമാൻ, തെക്കേ ആൻഡമാൻ, വിശാല നിക്കോബാർ എന്നീ ദ്വീപുകൾ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) **ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാപനം 2011-ന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കുന്നു?**

ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാപനം 2011-ന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.

- തീരപ്രദേശത്തു താമസിക്കുന്ന മത്സ്യ തൊഴിലാളികൾ, ഗിരിവർഗ്ഗക്കാർ മറ്റ് പ്രാദേശിക സമൂഹം എന്നിവർക്ക് ജീവിത മാർഗ്ഗം ഉറപ്പാക്കുക.
- തീരദേശം പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- ശാസ്ത്രീയമായ തത്വങ്ങളിലൂടെ സുസ്ഥിരതയോടെ വികസനം ഉറപ്പാക്കുക. തീരപ്രദേശങ്ങളിലുള്ള പ്രകൃത്യായുള്ള പ്രതി ബന്ധങ്ങളും, ആഗോള താപനം മൂലം സമുദ്ര നിരപ്പുയരുന്നതും മറ്റും കണക്കിലെടുത്തുകൊണ്ട് വേണം ഇത് ഉറപ്പാക്കേണ്ടത്.

3) ദ്വീപ് സംരക്ഷണ വിജ്ഞാപനം 2011-ന്റെ അധികാര പരിധി എവിടെയെല്ലാമാണ്?

വടക്കേ ആൻഡമാൻ, മദ്ധ്യ ആൻഡമാൻ, തെക്കേ ആൻഡമാൻ, വിശാല നിക്കോബാർ എന്നിങ്ങനെ നാല് ദ്വീപുകൾക്ക് വൻ വേലിയേറ്റ നിരയിൽ നിന്നും 500 മീറ്റർ വരെ വരുന്ന സ്ഥലം വിജ്ഞാപന പരിധിയിൽ പെടുമ്പോൾ ആൻഡമാൻ നിക്കോബാറിലേയും, ലക്ഷ ദ്വീപിലേയും മറ്റെല്ലാ ദ്വീപുകളുടേയും മുഴുവൻ ഭൂവിഭാഗവും 12 നോട്ടിക്കൽ മൈൽ വരെയുള്ള കടൽ ഭാഗവും വിജ്ഞാപന പരിധിയിൽ വരുന്നു.

4) ദ്വീപുകളുടെ പരിപാലനത്തിൽ പ്രകൃതി ദുരന്തങ്ങളുടെ ആവർത്തന സ്വഭാവം കണക്കിൽ എടുത്തിട്ടുണ്ടോ?

ഉണ്ട്, ആൻഡമാൻ നിക്കോബാറിലെ ദ്വീപുകൾ ഭൂകമ്പം, സുനാമി, ന്യൂനമർദ്ദം തുടങ്ങിയ എല്ലാ പ്രകൃതി ദുരന്തങ്ങളും ഉണ്ടാകാൻ സാധ്യതയുള്ള മേഖലയാണ്. സംയോജിത ദ്വീപ് പരിപാലന പദ്ധതി (IIMP) എല്ലാ പ്രകൃതി ദുരന്തങ്ങളും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുക്കുകയും ചെയ്യേണ്ടതുണ്ട്. സംയോജിത ദ്വീപ് പരിപാലന പദ്ധതി (IIMP) തയ്യാറാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും വിജ്ഞാപനത്തിൽ പറയുന്നുണ്ട്.

# X. സംഗ്രഹം: തീര സംരക്ഷണ മേഖലാ വിജ്ഞാപനം 2011ഉം 1991ഉം ഒരു താരതമ്യ പഠനം

1) 2011ലെ തീരസംരക്ഷണ മേഖല വിജ്ഞാപനത്തിലെ ഏറ്റവും പ്രാധാന്യമേറിയ നിബന്ധനകൾ എന്തെല്ലാം?

- കടലിൽ 12 നോട്ടിക്കൽ മൈൽ വരെ വരുന്ന ജലനിരപ്പും, ഉൾക്കടൽ, നദികൾ എന്നിങ്ങനെ ജല പ്രവാഹങ്ങൾ എല്ലാം ഈ വിജ്ഞാപനത്തിൽ നിയന്ത്രിക്കപ്പെടുന്നു.
- പ്രാദേശിക സമൂഹത്തിന്റെ ജീവിത മാർഗ്ഗവും ആസ്ഥികളും അതായത് തീര ദേശത്തുടനീളമുള്ള അനുബന്ധ സൗകര്യങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പ്രതിബന്ധ നിര ഉണ്ടാക്കി. സർവ്വേ ഓഫ് ഇന്ത്യയിലെ ഓഫീസുകൾ ആയിരിക്കും ഈ നിര അടയാളപ്പെടുത്തുന്നത്.
- പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുത്ത് വിശാല മുംബൈ, കേരളം, ഗോവ, എന്നിവയ്ക്കും സുന്ദർബൻ പോലുള്ള സ്ഥലങ്ങൾക്കും പ്രത്യേക നിബന്ധനകൾ തയ്യാറാക്കി.
- മനുഷ്യരുടെ ഇടപെടൽ മൂലം തീരദേശത്തുട നീളം മണ്ണൊലിപ്പ് അനുഭവപ്പെട്ടതുമൂലം ഏറ്റവും ആധുനികമായ ഉപഗ്രഹ സംവിധാനങ്ങളുടെ സഹായത്തോടെ തീരദേശം അടയാളപ്പെടുത്തുകയും, "വൻ തോതിൽ മണ്ണൊലിപ്പുള്ളത്" "ഇടത്തരം തോതിൽ മണ്ണൊലിപ്പുള്ളത് ", വളരെ കുറഞ്ഞ തോതിൽ മണ്ണൊലിപ്പുള്ള സ്ഥലം എന്നിങ്ങനെ തീരത്തെ തരം തിരിക്കുകയും ചെയ്തു. വൻതോതിൽ മണ്ണൊലിപ്പുള്ള സ്ഥലങ്ങളിൽ യാതൊരു വിധത്തിലുള്ള വികസന പ്രവർത്തനങ്ങളും അനുവദനീയമല്ല.
- മത്സ്യത്തൊഴിലാളികളുടെ വാസസ്ഥാനങ്ങൾക്കായി വർദ്ധിച്ച് വരുന്ന ആവശ്യകതയുടെ അടിസ്ഥാനത്തിലും അതുപോലെ മറ്റ് തീരദേശ സമൂഹങ്ങളുടെ കാര്യവും പരിഗണിച്ച് വൻവേലിയേറ്റ നിരയിൽ നിന്നും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പാടില്ലാത്ത മേഖലയുടെ പരിധി 200 മീറ്ററിൽ നിന്നും 100 മീറ്റർ ആയി കുറച്ചു.

**2) 1991ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ ഏതെല്ലാം പ്രധാന നിർദ്ദേശങ്ങൾ ആണ് 2011-ലെ വിജ്ഞാപനത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്?**

- സമുദ്ര തീരത്ത് വൻ വേലിയേറ്റ മേഖലയിൽ നിന്നും 500 മീറ്റർ എന്ന പരിധിയും, വേലിയേറ്റത്തിന്റെ പരിധിയിൽ ഉള്ള പ്രദേശങ്ങളിൽ ഉയർന്ന വേലിയേറ്റ മേഖലയുടെ 100 മീറ്റർ പരിധിയും നിലനിർത്തി.
- തീരദേശ നിയന്ത്രണ മേഖലയുടെ തരം തിരിക്കൽ അതായത് തീരദേശ നിയന്ത്രണ മേഖല-I പരിസ്ഥിതികമായി പ്രാധാന്യമേറിയത്) തീരദേശ നിയന്ത്രണ മേഖല II (നഗര പ്രദേശങ്ങൾ) തീര ദേശ നിയന്ത്രണ മേഖല III (ഗ്രാമങ്ങൾ) എന്നിവ നിലനിർത്തുകയുണ്ടായി.
- തീരദേശ പരിപാലന പദ്ധതിയിൽ തീരദേശ നിയന്ത്രണ മേഖല I, II, III എന്നിവ തയ്യാറാക്കുന്നതിനുള്ള രീതി നിലനിർത്തുകയുണ്ടായി.

**3) തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം 1991-ൽ ഉണ്ടായിരുന്ന എന്തെല്ലാം പ്രധാന കാര്യങ്ങളാണ് 2011-ലെ വിജ്ഞാപനത്തിൽ ഒഴിവാക്കിയത്?**

i) തീരദേശ നിയന്ത്രണ മേഖലയിൽ പുതുതായി പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ) അനുവദിക്കില്ല.

ii) ആൻഡമാൻ, നിക്കോബാർ, ലക്ഷദ്വീപുകളുടെ കാര്യത്തിൽ ഉണ്ടായിരുന്ന പ്രത്യേക നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞു പ്രത്യേകമായ ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പാരിസ്ഥിതി പ്രാധാന്യവും, ദ്വീപ് നിവാസികളുടെ ആവശ്യകതയും കണക്കിലെടുത്ത് ദ്വീപ് സംരക്ഷണ മേഖല, വിജ്ഞാപനം എന്ന പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചു.

iii) തീരദേശ നിയന്ത്രണ മേഖല-IIIൽ പ്രാദേശിക സമൂഹത്തിന് വേണ്ടി വിടുകളുടെ വികസനം നിയന്ത്രിക്കുന്ന നിബന്ധന നീക്കം ചെയ്തു.